## 985

1 കാത്തു കാത്തേകനായ് നിൻ വരവോർത്തു ഞാൻ
നാളെത്ര നീക്കിയെൻ യേശുദേവാ
കാണും പ്രപഞ്ചമോ മാറുമെന്നാകിലും
മാറാത്ത വാക്കു നീ തന്നതല്ലോ-

2 സംസാരസാഗരേ നീന്തി നീന്തി ഞാൻ
സന്താപത്താലുഴന്നീടുന്നയ്യോ സന്തോഷമേകുവാൻ
നിൻകൂടെ വാഴുവാൻ സൗന്ദര്യ പൊൻമുഖം കണ്ടിടുവാൻ-

3 സ്വന്തമായൊന്നുമേ കാണുവാനില്ലിതിൽ
സ്വന്തമായ് മിത്രരും അന്ത്യസമയമേ
പിന്തിരിഞ്ഞീടുമാ ശോകരംഗം-

4 ആശ്വാസമേകുക വിശ്വാസനായക
നശ്വരനാടകമാണീ ലോകം
ആശിഷമേകുക എൻശ്വാസം പോംവരെ
നിൻഗാനം പാടുവാൻ ശക്തി നൽക- **P.D.J.**